(സി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അവശേഷിക്കുന്ന സഹായം നേടിയെടുക്കുന്നതിന് എം.ഒ.യു. പുതുക്കുകയുണ്ടായോ; എങ്കിൽ എന്നാണ്; അതിന്റെ കാലാവധി എന്നുവരെയായിരുന്നു;

(ഡി) എസ്.എൻ.സി. ലാവ്‌ലിൻ ഗവൺമെന്റിന് ഡ്രാഫ്റ്റ് എഗ്രിമെന്റ് നൽകിയിട്ടുണ്ടോ; എങ്കിൽ അത് പരിശോധിച്ച് എഗ്രിമെന്റിൽ ഒപ്പുവയ്ക്കുകയുണ്ടായോ;

(ഇ) ഇല്ലെങ്കിൽ കാരണം എന്താണ്; എഗ്രിമെന്റ് വച്ചിട്ടില്ലെങ്കിൽ എം.ഒ.യു. വീണ്ടും പുതുക്കി ഒപ്പുവയ്ക്കണമായിരുന്നുവോ; എങ്കിൽ എന്തുകൊണ്ട് എം.ഒ.യു. പുതുക്കുകയുണ്ടായില്ല?

ഉത്തരം

(എ) പള്ളിവാസൽ, ചെങ്കുളം, പന്നിയാർ നവീകരണ പദ്ധതികൾക്കുള്ള കരാർ പ്രകാരം 1,72,30,836 കനേഡിയൻ ഡോളർ ഇനിയും നൽകേണ്ടതായിട്ടുണ്ട്.

(ബി) 11.75 കോടി രൂപ. ആശുപത്രി ഉദ്ഘാടനം 21-11-2000-ൽ നടന്നു. ചികിത്സാ പ്രവർത്തനങ്ങൾ 1-3-2001-ൽ ആരംഭിച്ചു.

(സി) എം.ഒ.യു. പുതുക്കിയിട്ടുണ്ട്. 4-9-2001-ൽ 180 ദിവസത്തേക്ക്. അതിന്റെ കാലാവധി 9-12-2001 വരെയായിരുന്നു.

(ഡി) & (ഇ) എസ്.എൻ.സി. ലാവ്‌ലിൻ തയ്യാറാക്കിയ കരട് മെമ്മോറാണ്ടം ഓഫ് എഗ്രിമെന്റ് സർക്കാർ പരിശോധിച്ചപ്പോൾ സാമ്പത്തികസഹായം സമാഹരിച്ചു നൽകുന്നതിനെപ്പറ്റി വ്യക്തമായ വ്യവസ്ഥകൾ ഉണ്ടായിരുന്നില്ല എന്നു മാത്രമല്ല, ധാരണാപത്രത്തിലെ ഇതു സംബന്ധിച്ച വ്യവസ്ഥയ്ക്ക് വിരുദ്ധമാണെന്നും കാണുകയുണ്ടായി. അതിനാൽ ഇത് ഭേദഗതി ചെയ്യാൻ ആവശ്യപ്പെട്ടു. ഇതിലൊരു അനുകൂലമായ സമീപനം എസ്.എൻ.സി. ലാവ്‌ലിന്റെ ഭാഗത്തുനിന്നും ഉണ്ടായില്ല. മലബാർ കാൻസർ സെന്ററിന്റെ വികസനത്തിനായി തുടർന്നും ധനസഹായം നൽകാൻ നിർവ്വാഹമില്ലെന്ന് 13-12-2003-ലെ 10988/ബി1/02/പിഡി നമ്പർ കത്തിന് മറുപടിയായി 6-2-2004-ൽ കനേഡിയൻ ഹൈക്കമ്മീഷണർ അറിയിച്ചിരുന്നു. എം.ഒ.യു. എഗ്രിമെന്റ് വയ്ക്കുംവരെ ബാധകമായതിനാലാണ് പുതുക്കാതിരുന്നത്.

മലബാർ കാൻസർ സൊസൈറ്റിക്കുള്ള ധനസഹായം

2 [2752] *ശ്രീ കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എസ്.എൻ.സി. ലാവ്‌ലിൻ കമ്പനി മലബാർ കാൻസർ ആശുപത്രി വികസനവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിക്കും വൈദ്യുതി മന്ത്രിക്കും നൽകിയ കത്തുകൾക്കെല്ലാം മറുപടി നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം തീയതികളിൽ ലഭിച്ച ഏതെല്ലാം കത്തുകൾക്കാണ് മറുപടി നൽകിയിട്ടുള്ളത്;

(സി) ഇപ്പോഴത്തെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലബാർ കാൻസർ സൊസൈറ്റിക്ക് ധനസഹായം ലഭ്യമാക്കുന്നതിലേക്കുവേണ്ടി കനേഡിയൻ ഹൈക്കമ്മീഷണറുമായോ എസ്.എൻ.സി. ലാവ്‌ലിൻ കമ്പനി അധികൃതരുമായോ ഏതെങ്കിലും നിലയിൽ ബന്ധപ്പെടുകയുണ്ടായോ;

(ഡി) എത്ര തവണ കത്തയയ്ക്കുകയുണ്ടായി; മുഖ്യമന്ത്രിയോ വൈദ്യുതി മന്ത്രിയോ എപ്പോഴെങ്കിലും ആശുപത്രി സന്ദർശിക്കുകയുണ്ടായോ?

ഉത്തരം

(എ) & (ബി) 13-10-2003-ലും 19-12-2003-ലും ബന്ധപ്പെട്ടവർക്ക് സർക്കാർ ഇക്കാര്യത്തിൽ കത്തെഴുതുകയുണ്ടായി.

(സി) & (ഡി) ആശുപത്രിയുടെ തുടർന്നുള്ള വികസനത്തിനായി കനേഡിയൻ സർക്കാരിൽനിന്ന് തുടർന്നും സഹായം ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി കാനഡ സർക്കാരിന് കത്തയച്ചിട്ടുണ്ട്. റേഡിയേഷൻ തെറാപ്പി വിഭാഗം പൂർത്തീകരിക്കുന്നതിനും ബ്ലഡ് ബാങ്ക് സജ്ജീകരിക്കുന്ന ആവശ്യത്തിലേക്കും ധനസഹായം അഭ്യർത്ഥിച്ചുകൊണ്ട് CIDA-യ്ക്ക് ചീഫ് സെക്രട്ടറിയും ഊർജ്ജ വകുപ്പു സെക്രട്ടറിയും കത്തുകൾ അയച്ചിട്ടുണ്ട്. കൂടാതെ, ട്രീറ്റ്മെന്റ് ബ്ലോക്ക്, ഇൻപേഷ്യന്റ് ബ്ലോക്ക് എന്നിവയ്ക്കായി ഊർജ്ജ വകുപ്പു സെക്രട്ടറി എസ്.എൻ.സി. ലാവ്‌ലിനും CIDA-യ്ക്കും ഇന്ത്യയിലെ കനേഡിയൻ ഹൈക്കമ്മീഷണർക്കും കത്തുകൾ അയച്ചിട്ടുണ്ട്.

8-12-2002-ൽ അന്നത്തെ മുഖ്യമന്ത്രി മലബാർ കാൻസർ ആശുപത്രിയുടെ ബ്ലഡ് ബാങ്ക് ഉദ്ഘാടനത്തിനായും 27-2-2005-ൽ ഊർജ്ജ വകുപ്പുമന്ത്രി അവലോകനത്തിനായും ആശുപത്രി സന്ദശിക്കുകയുണ്ടായി.

എസ്. എൻ. സി. ലാവ്‌ലിൻ കമ്പനി

3 [2753] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002 ഡിസംബർ 2-ന് എസ്.എൻ.സി. ലാവ്‌ലിൻ മുഖ്യമന്ത്രിക്ക് നൽകിയ കത്തിൽ എന്തെല്ലാം ആവശ്യങ്ങളായിരുന്നു ഉന്നയിച്ചിരുന്നത്; ആയതിന് ഗവൺമെന്റ് മറുപടി നൽകുകയുണ്ടായോ;

LIBRARY ARCHIVES Kerala Legislative Assembly